# പരീക്ഷ സഹിക്കുക

## യാക്കോബ് 1:12

**"പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും."**

ആർക്കാണ് കിരീടം? നമ്മുടെ സൃഷ്ടാവിനെ സ്നേഹിക്കുന്നവർക്ക് മാത്രമേ കീരീടം പ്രാപിക്കുവാൻ സാധിക്കുകയുള്ളു എന്ന് ഈ വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരു മനുഷ്യനിൽ അടങ്ങിയ മൂന്ന് ഘടകങ്ങളാണ് ദേഹം, ദേഹി, ആത്മാവ്. ദുഷ്ടശക്തിയാണ് നമ്മെ പരീക്ഷിക്കുന്നത്, അതു നമ്മെ ദൈവവുമായുള്ള ബന്ധത്തിൽ നിന്നും അകറ്റുന്നതിനുവേണ്ടിയാണ്. അവൻ എല്ലാ മേഘലകളിലൂടെയും അതിനു ശ്രമിക്കും. പ്രധിസന്ധികളിൽ നാം ദൈവത്തെ തള്ളിപ്പറയുന്നതു കാണാനാണ് ദുഷ്ടൻ ആഗ്രഹിക്കുന്നത്. നമുക്ക് ഇന്ന് ലോകത്തിൽ നേരിടുന്ന പരീക്ഷകളെ നാം ജയിക്കുമ്പോൾ നാം ഭാഗ്യവാനായി തീരും, അതിന്റെ ഒപ്പം പറയുന്നു നീ കൊള്ളാകുന്നവനായി മാറുമെന്ന്. നാം ഭാഗ്യവാനായി തീരുകയും, കൊള്ളാകുന്നവനായി മാറുകയും ചെയ്താൽ മാത്രമേ നമുക്ക് ജീവകിരീടം പ്രാപിക്കുവാനായിട്ടു സാധിക്കുകയുള്ളു.

യഹോവയുടെ എല്ലാ ദാസരും സ്വാർഥരാണെന്ന് ശത്രു ആരോപിക്കുകയും, ദൈവത്തോടുള്ള നമ്മുടെ സ്നേഹം തണുത്തുപോകുമെന്നു തെളിയിക്കാൻ എപ്പോഴും ശ്രമിക്കുകയും ചെയ്യുന്നു. നമ്മുടെ ക്രിസ്തുമായുള്ള ബന്ധം ഇല്ലാതാക്കുവാനുള്ള ശത്രുവിന്റെ ദുഷ്ടപ്രകൃതവും, ഉദ്ദേശ്യവും തകർക്കുകയാണ് നാം ചെയ്യേണ്ടത്. എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധപരീക്ഷകളിൽ അകപ്പെടുമ്പോൾ, നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞു അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ. **യാക്കോബ് 1: 2**

എന്നാൽ ഒരു ദൈവപൈതൽ പരീക്ഷയെ കാണേണ്ടത്, വിശ്വാസത്തിന്റെ പരിശോധനയായിട്ടു വേണമെന്നു യാക്കോബ് നമ്മളെ പഠിപ്പിക്കുന്നു. പരീക്ഷയിൽ ശത്രു നമ്മെ തകർക്കുവാനുള്ള ശ്രമം നടത്തുമ്പോൾ, വിശ്വാസിക്ക് അതിൽ ദൈവത്തിന്റെ താങ്ങുന്ന കരം കാണുവാനാകണം. ഇതു കണ്ട് തിരിച്ചറിയുവാനും, അതിനോട് വേണ്ട രീതിയിൽ പ്രതികരിക്കുവാനും നമുക്ക് സാധിക്കണം. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു; താൻ ആരെയും പരീക്ഷിക്കുന്നതുമില്ല. (**യാക്കോബ് 1:13**) സാത്താനാണ് നമ്മെ പരിഷിക്കുന്നതെങ്കിലും, ദൈവത്തിന്റെ

അനുവാദത്തോടെയാണ് അവൻ അത് ചെയ്യുന്നത് എന്ന് നമുക്ക് ഇയോബിന്റെ അനുഭവത്തിലൂടെ അറിയാൻ സാധിക്കും. എന്നാൽ പാപം ചെയ്യുന്നതു ദൈവത്തിന്റെ പ്രേരണയാൽ അല്ല, അതു സ്വന്ത മോഹത്താലാണ്. ദൈവമക്കളെന്ന നിലയിൽ നാം സന്തോഷിക്കണമെന്ന് ദൈവം നമ്മെ കുറിച്ച് ആഗ്രഹിക്കുന്നു. **യോഹന്നാൻ 16:33** ഇപ്രകാരം പറയുന്നു ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. നമ്മുടെ ക്രിസ്തു ജയാളിയായി തീർന്നതുപോലെ നാമും ലോകത്തിന്റെ വാഗ്ദാനങ്ങളെ നിരാകരിച്ചു, പരീക്ഷയെ ജയിച്ചു, ജയാളിയായി തീരണം. നമുക്കു നേരിട്ടേക്കാവുന്ന ഏതൊരു കഷ്ടവും മുതലെടുത്തുകൊണ്ട്, യഹോവയിൽനിന്നു നമ്മെ അകറ്റാൻ പിശാച് ശ്രമിക്കുമെന്നു നാം ഓർത്തിരിക്കണം. അവൻ എപ്പോഴായിരുന്നു യേശുവിനെ പരീക്ഷിച്ചത്? പലനാൾ ഉപവസിച്ചശേഷം യേശു വല്ലാതെ വിശന്നിരുന്നപ്പോൾ. അതുപോലെയിരിക്കുമ്പോഴാണ് നമ്മെയും പരീക്ഷകൾ തേടി വരുന്നത്. അതിനെ അതിജീവിക്കുന്നതിനായി എപ്പോഴും:

1. വചനം ഉള്ളിൽ സംഗ്രഹിക്കുക
2. ധൈര്യപ്പെട്ടു ഉറച്ചു നിൽക്കുക
3. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുക
4. പ്രത്യാശയിൽ സ്ഥിരതയുള്ളവരായിരിക്കുക

**പരമാർശം:**

മത്തായി 10:22

എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും; അവസാനത്തോളം സഹിച്ചുനില്ക്കുന്നവനോ രക്ഷിക്കപ്പെടും.

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 008**